# രക്ഷയുടെ പാതയിൽ




## ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിനു വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിററ ാനും ജീവൻ നനുകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 11



# സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

# സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

1. സാമൂഹ്യതിന്മകൾ
2. സാമൂഹ്യതിന്മകൾക്കെതിരെയുള്ള പ്രതികരണം



# സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

വ്യക്തികളുടെ നന്മ ഒരു സമൂഹത്തിന്റെ നന്മയെ നിർണയിക്കുന്നതുപോലെ വ്യക്തി കളുടെ തിന്മകൾ സമൂഹത്തിൽ ദോഷഫല ങ്ങൾ ഉളവാക്കുന്നുണ്ട്.

# സാമൂഹ്യതിന്മകൾ

- ഏറെപ്പേരുടെ പാപത്തിൽ നിന്ന് ഉത്ഭവിക്കുകയും നില നിൽക്കുകയും നിരവധിപേരുടെ നാശത്തിന് കാരണമാകു കയും ചെയ്യുന്ന വ്യവസ്ഥാപിതമായ സാമൂഹിക സംവി ധാനങ്ങളെയും ശക്തികളുമാണ് സാമൂഹ്യതിന്മ അഥവാ സംവിധാനാത്മക തിൻമ
- സാമൂഹ്യ സംവിധാനങ്ങളെല്ലാം അത്യന്തികമായി മനു ഷ്യന്റെ നന്മയ്ക്കും പുരോഗതിക്കുമായി നിലകൊള്ളേണ്ട താണ്
- സാധാരണ കാണപ്പെടുന്ന സാമൂഹ്യതിന്മകളെക്കുറിച്ചുള്ള അറിവുംശരിയായ അവബോധ**വും** അവക്കെതിരെ പ്രതിക രിക്കാനും അവയുടെ സ്വാധീനവലയത്തിൽ പെടാതിരി ക്കാനും നമ്മെ സഹായിക്കും.

## സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

1. അനീതി

- ഓരോരുത്തർക്കും അർഹതപ്പെട്ടത് നൽകാതിരിക്കുന്നതാണ് അനീതി

2. അക്രമം

- പലവിധത്തിലുളള അക്രമപ്രവർത്തനങ്ങളുടെ വേദിയാണ് ഇന്നത്തെ ലോകം.
- സാധാരണക്കാരുടെ ജീവിനും സ്വത്തും സ്വസ്ഥതയുമാണ് അക്രമണം മൂലം നഷ്ടപ്പെടുന്നത്. ഭീകരവാദം, ഗുണ്ടായിസം, അധോലോകം, തുടങ്ങിയവയും അക്രമത്തിന്റെ വിവിധരൂപങ്ങളാണ്.

3. **വിവേചനം**

❖ **ലോകമെമ്പാടും നിലനിൽക്കുന്ന മറ്റൊരു പ്രധാന സാമൂഹ്യ തിന്മയാണ് വിവേചനം. മതം, ജാതി, ലിംഗ്, നിറം, സമ്പത്ത്, രാഷ്ട്രീയം തുടങ്ങിയവയുടെയൊക്കെ പേരിൽ മനുഷ്യൻ മനുഷ്യനെ മാറ്റിനിർത്തുന്ന തിന്മയാണിത്.**

സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

4. സ്ത്രീപീഡനം

- സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്.
- ജോലിസ്ഥലത്തും പൊതുസ്ഥലത്തും യാത്രയിലുമെന്നല്ല.,കുടുംബങ്ങളിൽ പോലും സത്രീകൾക്ക് സുരക്ഷതത്വം ലഭിക്കാത്ത അവസ്ഥയുണ്ട്.
- കച്ചവട മനസ്ഥിതിയോടെ സ്ത്രീയെ പ്രദർശനവസ്തുവാക്കുന്ന തെറ്റായ മനോഭാവവും സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾക്ക് വഴിതെളിക്കുന്നു.

സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

5. മദ്യപാനം

- സമൂഹത്തിന്റെ സുസ്ഥിതിയെ നശിപ്പിക്കുന്ന ഒരു വൻ വിപത്താണ് മദ്യപാനം. ഹൃദ്രോഗവും കാൻസറും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത് മദ്യപാനമാണ്.
- സ്വർഗതുല്യമാകാവുന്ന ഒരു കുടുംബ ജീവിതവും അന്തസ്സുള്ള സാമൂഹിക ബന്ധങ്ങലും ഇല്ലായാമ ചെയ്യുന്ന മദ്യപാനം വലിയ സാമൂഹ്യതിന്മതന്നെയാണ്.

6. **മയക്കുമരുന്ന്**

- ഒരു കുടുംബത്തിന്റെ രക്ഷകനാകേണ്ട കുട്ടി മയക്കുമരുന്നിന് അടിമയായാൽ അവൻ അതിന്റെ ശിക്ഷകനായി മാറും.
- തലച്ചോറിലെ കോശങ്ങളെയാണ് മയക്കുമരുന്ന് നശിപ്പിക്കുന്നത്. അതിനാൽ അത് മറ്റു പല വികലതകൾക്കും രോഗങ്ങൾക്കും കാരണമാകും.

7. ഉപഭോഗസംസ്ക്കാരം

- ആധുനിക സമൂഹത്തെ അപകടപ്പെടുത്തുന്ന ഒരു വിപത്താണ് ഉപഭോഗസംസ്ക്കാരം. അത്യാവശ്യങ്ങളെയും ആവശ്യങ്ങളെയും അനാവശ്യങ്ങളെയും തമ്മിൽ വേർതിരിച്ചറിയാൻ കഴിയാതെ വരുന്ന പശ്ചാത്തലത്തിലാണ് ഉപഭോഗസംസ്ക്കാരം വ്യാപകമാകുന്നത്.
- സ്വന്തം ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും നിയന്ത്രിക്കാനും കഴിവിനപ്പുറമുള്ളതു കൈക്കലാക്കാതിരിക്കാനും നമ്മൾ ശ്രദ്ധിക്കണം.

സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

## 8. മാധ്യമ ദുരുപയോഗം

- മാധ്യമങ്ങളുടെ യുഗമാണിത്.
- വ്യക്തികളിലും സമൂഹത്തിലും തെറ്റായ ആശയങ്ങളും ചിന്താഗതികളും മനോഭാവങ്ങളും സ്വഭാവരീതികളും സൃഷ്ടിക്കാനും മാധ്യമങ്ങൾക്കു കഴിയുന്നു. ഇത് മാധ്യമ ങ്ങളുടെ ദുരുപയോഗമാണ്.

9. ബാലവേല

- പല വികസ്വരരാജ്യങ്ങളിലും നിലനിൽക്കുന്ന ഒരു സാമൂഹ്യ തിന്മയാണ് ബാലവേല. 14 വയസ്സിനു താഴെയുള്ള ബാലികാബാലൻമാരെ ഫാക്ടറികൾ, ഖനികൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥലങ്ങളിൽ കഠിനമായ ജോലി ചെയ്യിക്കുന്നതാണ് ബാലവേല.

സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത

# സാമൂഹ്യതിന്മകൾക്കെതിരെയുള്ള പ്രതികരണം

1. ആശയപരം: സെമിനാറുകൾ, ചർച്ചകൾ,കലാരൂപങ്ങൾ മാധ്യമങ്ങൾ എന്നിവ വഴിയായി സാമൂഹ്യ തിന്മകൾക്കെതിരായ അവബോധവും മനോഭാവവും ജനങ്ങൾക്കിടയിൽ വളർത്തുക.
2. സംഘടനാപരം: സാമൂഹിക തിൻമകൾക്കെതിരെ ഒറ്റയ്ക്കൊറ്റയ്ക്ക് പോരാടിയതുകൊണ്ട് മാത്രം കാര്യമായില്ല. സംഘടിതമായ പ്രവർത്തനവും വളരെ ആവശ്യമാണ്.

3. സാംസ്ക്കാരികം: സാമൂഹ്യതിന്മകൾ വളർന്നുവരുന്നത് ഒരുപ്രത്യേക സംസ്കാരമായാണ്. അതിനാൽ ഒരു പ്രതിസംസ്ക്കാരംവളർത്തിയെടുക്കാൻ ശ്രമിക്കുക.

- നന്മയും സമത്വവും സാഹോദര്യവും നിലനിൽക്കുന്ന ഒരു സമൂഹമാണ് നമ്മുടെ ലക്ഷ്യം, സാമൂഹ്യതിന്മകളെ അകറ്റി നിർമ്മലമായ ജീവിതാന്തരീക്ഷം സൃഷ്ടിക്കാൻ ക്രിസ്തീയ പ്രതിബദ്ധതയോടെ നമുക്കു പരിശ്രമിക്കാം.